## ശാന്തരായിരിക്കുക..... പരിഭ്രാന്തരാകാതിരിക്കുക...
## പാമ്പ് കടിയേറ്റയാളെ സമാധാനിപ്പിക്കുക

- കടിയേറ്റ ഭാഗം കയ്യോ, കാലോ എന്തായാലും അനക്കാതെ ശാന്തരായിരിക്കുക. ഇത് രക്ത സമ്മർദ്ദത്തെ സാധാരണ നിലയിൽ നിലനിർത്താനും വിഷത്തിന്റെ വ്യാപനം ശരീരത്തിൽ പെട്ടെന്ന് കലരാതിരിക്കാനും സഹായിക്കും.
- ആഭരണങ്ങൾ, വാച്ചുകൾ മുതലായവ അഴിച്ചു മാറ്റുക. കാരണം കടിയേറ്റ ഭാഗം വീങ്ങാൻ സാധ്യതയുണ്ട്.
- കടിയേറ്റ ഭാഗം ഹൃദയത്തിനു താഴെ നിർത്തുന്ന രീതിയിൽ കടിയേറ്റയാളെ കിടത്തുക.
- കടിയേറ്റ ഭാഗം മുറിക്കുകയോ, വിഷം സ്വയം എടുത്തു കളയുകയോ ചെയ്യരുത്.
- മുറിഭാഗം ഉണങ്ങിയ വൃത്തിയായ തുണികൊണ്ടു മൂടികെട്ടുക.
- കടിയേറ്റ ഭാഗത്തിന്റെ ചലനം കുറക്കാൻ ഒരു തടിക്കഷണം വച്ച് അവയവത്തെ ബാൻഡേജോ, വലിയുന്ന തുണിയോ ഉപയോഗിച്ചുകെട്ടുക. കെട്ട് മുറുകാതിരിക്കാൻ ശ്രദ്ധിക്കണം.
- ഇറുങ്ങിയ കെട്ടുകളോ, ഐസോ യാതോരു രീതിയിലും കടിയേറ്റ ഭാഗത്ത് ഉപയോഗിക്കാതിരിക്കുക.
- മയക്കുമരുന്നുകളോ, മദ്യമോ ഉപയോഗിക്കാതിരിക്കുക.
- കടിച്ച പാമ്പിനെ പിടിക്കാതിരിക്കുക. പാമ്പ് വിഷമുള്ളതാണോ അല്ലയോ എന്നറിയാൻ പറ്റുമെങ്കിൽ മൊബൈലിൽ ഫോട്ടോ എടുത്താൽ മതിയാകും.
- വിഷമേറ്റതിന്റെ ലക്ഷണങ്ങൾ രോഗിയിൽ കാണാൻ തുടങ്ങുമ്പോൾ മാത്രമേ അതിന്റെ ചികിത്സ തുടങ്ങാവൂ. ചില പ്രധാനലക്ഷണങ്ങൾ ഇവയാണ്. തുടർച്ചയായ രക്തസ്രാവം കടിവായിലൂടെ സംഭവിക്കുക, ശ്വാസതടസം, കണ്ണ് അടഞ്ഞുപോവുക, കടിയേറ്റഭാഗം വീങ്ങി വീങ്ങി വരുക മുതലായവ.
- പാമ്പുകടിക്ക് ഫലപ്രദമായ ചികിത്സയുണ്ട്.
- ഇന്ത്യയിൽ കാണപ്പെടുന്ന പാമ്പുകളിൽ വെറും 20% മാത്രമേ വിഷമുള്ളതുള്ളൂ. അതിൽ വെറും 5% മാത്രമേ ജീവന് ഹാനികരമായ തരത്തിൽ വിഷമുള്ളതുള്ളൂ.
- പാമ്പുകടിക്ക് ഫലപ്രദമായ മറുമരുന്ന് ആന്റിവിനം മാത്രമേ ഉള്ളൂ.
- പാരമ്പര്യ ചികിത്സയോ, ആയുർവേദ ചികിത്സയോ പരീക്ഷിക്കരുത്.

